**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2185** **16-03-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജിലെ സീനിയർ സയന്റിഫിക് ഓഫീസർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 1.1.2018-ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്ര സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തികകൾ ഉണ്ടായിരുന്നു; | (എ) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ രണ്ട് സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തികകൾ ഉണ്ടെന്ന് 27.01.2017-ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. ഇത് പരിഗണിച്ച് 04.09.2018-ലെ സ.ഉ.(സാധാ)നം. 2819/2018/ആകുവ പ്രകാരം കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ 2 സീനിയർ സയന്റിഫിക് ഓഫീസർ തസ്തികകളിൽ ഒരെണ്ണം തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. |
| (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തികകൾ നഷ്ടപ്പെടാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ രണ്ട് സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തികകൾ ഉണ്ടെന്ന് 27.01.2017-ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. ഇത് പരിഗണിച്ച് 04.09.2018-ലെ സ.ഉ.(സാധാ)നം. 2819/2018/ആകുവ പ്രകാരം കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ 2 സീനിയർ സയന്റിഫിക് ഓഫീസർ തസ്തികകളിൽ ഒരെണ്ണം തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. |
| (സി) | പ്രസ്തുത തസ്തികയിലേയ്ക്ക് ആർക്കെങ്കിലും സ്ഥാനക്കയറ്റം നൽകിയിരുന്നോ; അവർ കോഴിക്കോട് മെഡിക്കൽ കോളേജിൽ ജോലിയിൽ പ്രവേശിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ബയോകെമിസ്റ്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി സുനിത എസ്. നായർക്ക് കോഴിക്കോട് മെഡിക്കൽ കോളേജിലെ സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നു. എന്നാൽ, ടിയാരി ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം). നം. 285/2021 നമ്പർ |

| | | | |
|---|---|---|---|
| | | | കേസിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ബയോകെമിസ്റ്റ് തസ്തികയിൽ തുടരുകയാണുണ്ടായത്. |
| (ഡി) | പ്രസ്തുത തസ്തികകൾ മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റിയിട്ടുണ്ടെങ്കിൽ പകരം സംവിധാനം ഒരുക്കിയിട്ടുണ്ടോ? | (ഡി) | തസ്തിക മാറ്റുമ്പോൾ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമെങ്കിൽ സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തികയിൽ അധിക ജീവനക്കാരെ ആർ.എസ്.ബി.വൈ. / എച്ച്.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് നിയമിക്കുന്നതിന് 04.09.2018-ലെ സ.ഉ.(സാധാ)നം. 2819/2018/ആകുവ ഉത്തരവിൽ തന്നെ പ്രിൻസിപ്പലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ